**നമ്പർ: NEP3/75061/09**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി : 27.10.09

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - ഉപജില്ലാ വിദ്യാഭ്യാസ തലത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഐ.ടി മത്സരങ്ങൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.10.2008-ലെ NEP3-82862/07/DPI നമ്പരായുള്ള സർക്കുലർ.

വിവരവിനിമയസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നമ്മുടെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിവരികയാണ്. ഇതിന്റെ അനന്ത സാധ്യതകൾ പഠനപ്രവർത്തനങ്ങളിൽ മത്സരബുദ്ധിയോടെ ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഐ.ടി മത്സരങ്ങൾ വിദ്യാഭ്യാസവകുപ്പ് സംഘടിപ്പിച്ചുവരുന്നു. സ്കൂൾതലത്തിലും ഉപജില്ലാ വിദ്യാഭ്യാസ തലത്തിലും റവന്യൂജില്ലാതലത്തിലും സംസ്ഥാനതലത്തിലുമാണ് ഈ വർഷം മുതൽ ഐ.ടി മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഈ വർഷം ഉപജില്ലാ വിദ്യാഭ്യാസ തലത്തിൽ നടത്തേണ്ട ഐ.ടി മത്സരങ്ങളെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഉപജില്ലാ വിദ്യാഭ്യാസതലത്തിലുള്ള ഐ.ടി മത്സരങ്ങൾ ഉപജില്ലാ ശാസ്ത്ര പ്രവൃത്തിപരിചയമേളയോടൊപ്പമാണ് നടത്തേണ്ടത്.

2. ഉപജില്ലാതല മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന വിദ്യാർഥികൾക്ക് റവന്യൂ ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന വിദ്യാർഥികൾക്ക് സംസ്ഥാനതലത്തിലുമുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കും.

3. ഇപ്പോൾ 8, 9, 10 ക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുമാത്രമാണ് ഐ.ടി മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹത.

4. ഉപജില്ലാ വിദ്യാഭ്യാസതലത്തിൽ ആറിനങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്.

## ഇനങ്ങൾ

1. ഡിജിറ്റൽ പെയിന്റിംഗ്
2. മൾട്ടിമീഡിയ പ്രസന്റേഷൻ
3. വെബ്പേജ് നിർമ്മാണം
4. മലയാളം ടൈപ്പിംഗ്
5. ഐ ടി പ്രോജക്ട്
6. ഐ.ടി ക്വിസ്

5. ഒരു സ്കൂളിൽ നിന്ന് ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്ന ഓരോ കുട്ടിയെ വീതം പങ്കെടുപ്പിക്കാവുന്നതാണ്. (ഒരു സ്കൂളിൽ നിന്നും പരമാവധി 6 കുട്ടികൾ മാത്രം).

6. ഐ.ടി@സ്കൂൾ ഗ്നൂ/ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് എല്ലാ മത്സരങ്ങളും നടത്തേണ്ടത്.

**1 ഡിജിറ്റൽ പെയിന്റിംഗ് മത്സരം**

i) Xpaint, GIMP ഇവയിൽ ഏതെങ്കിലും ഒരു സോഫ്ട്‌വെയറായിരിക്കണം ഉപയോഗിക്കേണ്ടത്.

ii) ഡിജിറ്റൽ പെയിന്റിംഗ് മത്സരത്തിന്റെ വിഷയം മത്സരം ആരംഭിക്കുന്നതിന് പത്ത് മിനിട്ട് മുമ്പായി പങ്കെടുക്കുന്നവർക്ക് നൽകുന്നതാണ്.

iii) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി ഒരു മണിക്കൂർ ആയിരിക്കും.

**2 മൾട്ടിമീഡിയ പ്രസന്റേഷൻ മത്സരം**

i) Open Office Impress സോഫ്ട്‌വെയറാണ് മത്സരത്തിനായി ഉപയോഗിക്കേണ്ടത്.

ii) പ്രസന്റേഷന്റെ നിലവാരവും ഭംഗിയും മെച്ചപ്പെടുത്തുന്നതിനായി (features) ഗ്നൂ/ലിനക്സിൽ പ്രവർത്തിക്കുന്ന റിസോഴ്സ് സി.ഡികൾ വിധികർത്താക്കളുടെ അംഗീകാരത്തോടെ ഉപയോഗിക്കാവു ന്നതാണ്.

iii) മൾട്ടിമീഡിയ പ്രസന്റേഷൻ മത്സരത്തിന്റെ വിഷയം മത്സരം ആരംഭിക്കുന്നതിന് പത്ത് മിനിട്ട് മുമ്പായി പങ്കെടുക്കുന്നവർക്ക് നൽകുന്നതാണ്.

iv) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി ഒരു മണിക്കൂർ ആയിരിക്കും.

**3 വെബ്പേജ് തയ്യാറാക്കൽ മത്സരം**

i) HTML ഉപയോഗിച്ചായിരിക്കണം വെബ്പേജ് തയ്യാറാക്കേണ്ടത്.

ii) വെബ്പേജ് തയ്യാറാക്കൽ മത്സരത്തിന്റെ വിഷയം മത്സരം ആരംഭിക്കുന്നതിന് പത്ത് മിനിട്ട് മുമ്പായി പങ്കെടുക്കുന്നവർക്ക് നൽകുന്നതാണ്.

iii) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി ഒരു മണിക്കൂർ ആയിരിക്കും.

**4 മലയാളം ടൈപ്പിംഗ് മത്സരം**

i) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി 15 മിനിട്ട് ആയിരിക്കും.

ii) അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഡിജിറ്റൽ രൂപത്തിലോ, പ്രിന്റഡ് രൂപത്തിലോ തന്നിരിക്കുന്ന മലയാളം ഖണ്ഡിക ടൈപ്പ് ചെയ്ത് മാതൃകയിലേതുപോലെ ക്രമീകരിക്കണം.

iii) മൂല്യനിർണ്ണയം ഒരു സോഫ്ട്‌വെയറിന്റെ സഹായത്താലോ അല്ലാതെയോ നടത്തപ്പെടുന്നതാണ്.

**5 ഐ.ടി പ്രോജക്ട് മത്സരം**

i) ഐ.ടി പ്രോജക്ട് മത്സരം വ്യക്തിഗതമായിരിക്കണം

ii) ഹൈസ്കൂൾതല ഐ.ടി പാഠപുസ്തകത്തിൽ പ്രതിപാദിക്കുന്ന ഏതെങ്കിലും വിഷയമോ സാമൂഹ്യ പ്രസക്തിയുള്ള മറ്റേതെങ്കിലും വിഷയമോ തെരഞ്ഞെടുത്ത് പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

iii) ഐ.ടി നൈപുണികളുടെ പ്രയോഗസാധ്യതയുള്ള വിഷയത്തിന് മുൻഗണന ലഭിക്കുന്നതാണ്.

iv) പ്രോജക്ട് റിപ്പോർട്ടിന്റെ പ്രിന്റുചെയ്ത മൂന്നു കോപ്പികൾ, പ്രോജക്ട് അവതരണത്തിനായി തയ്യാറാക്കുന്ന പ്രസന്റേഷൻ സ്ലൈഡുകളുടെ (ഗ്നൂ/ലിനക്സിൽ പ്രവർത്തിക്കുന്നത്) പ്രിന്റുചെയ്ത ഒരു കോപ്പി എന്നിവ മത്സരത്തിന് മുമ്പായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

v) പ്രോജക്ട് അവതരണത്തിനുള്ള (പ്രസന്റേഷന്റെ സഹായത്തോടെ) പരമാവധി സമയം 15 മിനിട്ടായിരിക്കും. (10 മിനിട്ട് അവതരണ ത്തിനും 5 മിനിട്ട് അഭിമുഖത്തിനു മായിരിക്കും).

**6 ഐ.ടി ക്വിസ് മത്സരം**

i) വിദ്യാഭ്യാസ ഉപജില്ലാതല ഐ.ടി ക്വിസ് മത്സരത്തിന് ഒരു ഹൈസ്കൂളിൽ നിന്ന് ഒരു കുട്ടിക്ക് പങ്കെടുക്കാവുന്നതാണ്.

ii) ഐ.ടി ക്വിസിലെ ചോദ്യങ്ങൾ പ്രധാനമായും ഹൈസ്കൂൾ ക്ലാസ്സുകളിലെ ഐ.ടി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടവ യായിരിക്കും. ഇവയ്ക്കുപുറമേ നിത്യജീവിതത്തിൽ ഐ.ടിയുടെ സഹായങ്ങൾ ഉപയോഗപ്പെടുത്തുന്ന മേഖലകൾ, ഐ.ടിയുടെ വളർച്ചയ്ക്ക് മികച്ച സംഭാവനകൾ നൽകിയ വ്യക്തികൾ, സ്ഥാപനങ്ങൾ, നൂതനമായ ഐ.ടി സങ്കേതങ്ങൾ, പൊതുവിജ്ഞാനം എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും.

iii) തുല്യത വരികയാണെങ്കിൽ കൂടുതൽ ചോദ്യങ്ങൾ നൽകി ഒന്നാം സ്ഥാനം കണ്ടെത്തുന്നതാണ്.

7. ഓരോ മത്സരത്തിന്റെയും വിഷയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുമായും വിധികർത്താക്കളുമായും ആലോചിച്ച് മാസ്റ്റർ ട്രെയിനർമാർ തീരുമാനിക്കേണ്ടതും അത് മത്സരം ആരംഭിക്കുന്നതിന് 10 മിനിട്ട് മുമ്പായി മത്സരിക്കുന്ന കുട്ടികളെ അറിയിക്കേണ്ടതുമാണ്.

8. ഉപജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും നടത്തുന്നതിനുമായി ജില്ലയിലെ മാസ്റ്റർട്രെയിനർമാരെ ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർ മുൻകൂട്ടി ചുമതലപ്പെടുത്തേണ്ടതാണ്.

9. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഐ.ടി@സ്കൂൾ ജില്ലാ കോർഡിനേറ്ററുമായി ആലോചിച്ച് ചുമതലയുള്ള മാസ്റ്റർ ട്രെയിനർ ഉപജില്ലാതല മത്സരങ്ങൾക്ക് ആവശ്യമായ ക്രമീകരണ ങ്ങൾ ഒരുക്കേണ്ടതാണ്.

10. ആവശ്യമായ സോഫ്ട്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകൾ മത്സരവേദിയിൽ സജ്ജീകരിച്ചു നൽകേണ്ടതാണ്.

11. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിന് ജില്ലയിലെ മാസ്റ്റർ ട്രെയിനർമാർ, സ്കൂൾ ഐ.ടി കോർഡിനേറ്റർമാർ എന്നിവർക്ക് വിവിധ ചുമതല നൽകേണ്ടതാണ്.

12. സ്കൂളുകളിൽ നിന്നും മത്സരാർത്ഥികളുടെ പേരുവിവരം നിശ്ചിത മാതൃകയിലുള്ള എൻട്രി ഫോമിൽ സമർപ്പിക്കേണ്ടതാണ് (മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു).

13. പരാതികൾക്ക് ഇടം ലഭിക്കാത്ത വിധത്തിൽ മത്സരങ്ങൾ നടത്തുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

For/പൊതുവിദ്യാഭ്യാസ ഡയറക്ടർ

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും
5. ഐ.ടി@സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോർഡിനേറ്റർമാർ/ മാസ്റ്റർ ട്രെയിനർ കോർഡിനേഷൻ/മാസ്റ്റർ ട്രെയിനർമാർ

## EVALUATION SCHEME FOR IT COMPETITIONS

Evaluation process for IT competitions is done in the same way of Science Competitions. Maximum score for each item is hundred. Equal weightage may be given for each aspect.

***Aspects to be considered.***

### I. Digital Painting

1) Relevance of the theme/ideas presented in the painting.
2) Richness of the colouring and composition.
3) Painting skills like figure, rhythm, combination, balance, Naturality perspective etc.
4) Effective use of graphic tools, perfection, finishing and total effect of the painting.

### II. Multimedia Presentation for students & teachers

1) Relevance of the selected theme and contents of the multimedia presentation.
2) Apt use of various multimedia tools.
3) Effectiveness of storyboard, layout, design and other creative aspects.
4) Communicative skills for transacting ideas.

### III. Web Page Designing

1) Proper logic and Algorithm
2) Correct usage of variables, data types and input output statements.
3) Proper tools/facilities and syntax.
4) Accuracy, Modularity, documentation, indentation etc.

### IV. Malayalam Typing Competition

1) Speed and Accuracy

### V. IT Projects

1) The relevance and genuineness of the IT project and integration with other subject(s).
2) Involvement of the students in the implementation of the project.
3) Use of various IT tools for doing the project.
4) Use of IT for the dissemination of the findings of the project work

# ENTRY FORM

Name of School : School Code: ............

Name of the Team Manager :

No. of students participating

A) Boys ......... B) Girls ....... Total .........

| ***Items for IT competitions*** | ***Name of participant (in block letters)*** | ***Class*** | ***Name of escort*** | ***Code no.**** | ***Remarks **** |
|---|---|---|---|---|---|
| **Specify the item (Digital painting/ Multimedia presentation/ Web page designing)**<br><br>--------------------- | | | | | |
| **Malayalam typing competition** | | | | | |
| **IT Projects** | | | | | |
| **IT Quiz** | | | - | | |

***For Office use only**.

**Date :** **Name & Signature of the HM**

(Office Seal)

REVENUE DISTRICT IT FEST – 2009-2010

Venue: ..................................... Date : ................................

## ENTRY FORM

Name of Educational Sub-District :

Name of Revenue District :

Name & address of the Team Manager:

No. of students participating : A) Boys ......... B) Girls ....... Total .........

| *Items for IT competitions* | *Name of participant (in block letters)* | *Class* | *School address* | *Name of escort* | *Code no.** | *Remarks ** |
|---|---|---|---|---|---|---|
| **Digital Painting** | | | | | | |
| **Multimedia Presentation** | | | | | | |
| **Web Page Designing** | | | | | | |
| **Malayalam typing competition** | | | | | | |
| **IT Projects** | | | | | | |
| **IT Quiz** | | | | - | | |

*** For Office use only**.

**Date :** **Name & Signature of the AEO**

(Office Seal)

KERALA STATE IT FEST – 2009-2010

Venue: ...................................... date : ................................

## ENTRY FORM

Name of Educational District :

Name of Revenue District :

Name & address of the Team Manager:

No. of students participating : A) Boys ......... B) Girls ....... Total .........

| ***Items for IT competitions*** | ***Name of participant (in block letters)*** | ***Class*** | ***School address*** | ***Name of escort*** | ***Code no.**** | ***Remarks **** |
|---|---|---|---|---|---|---|
| **Digital Painting** | | | | | | |
| **Multimedia Presentation** | | | | | | |
| **Web Page Designing** | | | | | | |
| **Malayalam typing competition** | | | | | | |
| **IT Projects** | | | | | | |
| **IT Quiz** | | | | - | | |

***For Office use only**.

**Date :** **Name & Signature of the DDE**

(Office Seal)

(സംസ്ഥാനതലത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഓൺലൈൻ വഴിയായിരിക്കും. വിദ്യാർത്ഥികളുടെ ഫോട്ടോ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.)